LIBRARY ARCHIVES Kerala Legislative Assembly

എസ്.സി. കോർപ്പസ് ഫണ്ട്

64(2100) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. കോർപ്പസ് ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക ജില്ലാതലത്തിൽ വിനിയോഗിക്കണമെന്നും ഇതിൽ 25.00 ലക്ഷം രൂപവരെയുള്ള പദ്ധതികളുടെ ഭരണാനുമതി ജില്ലയിൽ നടപ്പിലാക്കണമെന്നും ഇത്തരത്തിലുള്ള ഭരണാനുമതി ഉത്തരവ് നൽകുന്നതിന് ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് വിനിയോഗിച്ച് ജില്ലാതലത്തിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികളെ സംബന്ധിച്ചും, പദ്ധതി നിർവ്വഹണത്തിന്റെ രീതി എപ്രകാരമായിരിക്കുമെന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി സ്വീകരിച്ച നടപടിക്രമങ്ങളുടെ ഭാഗമായി 2021-22 സാമ്പത്തിക വർഷവും പദ്ധതി നിർവ്വഹണത്തിനായി ഭരണാനുമതി നൽകുകയും ലഭ്യമായ ഫണ്ടിന്റെ ആനുപാതിക തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തു. അതോടൊപ്പം മുൻവർഷങ്ങളിൽ ഏറ്റെടുത്തതും അതായത് സാമ്പത്തിക വർഷങ്ങളിൽ പൂർത്തീകരിക്കാത്തതുമായ 1/3 കോർപ്പസ് ഫണ്ട് സ്പിൽ ഓവർ പ്രവൃത്തികളിലേക്ക് ഭരണാനുമതി നൽകുകയും ആനുപാതിക തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തു. കൂടാതെ 25 ലക്ഷത്തിന് മുകളിലുള്ളതും 2/3 കോർപ്പസ് പദ്ധതിയിൽ ഉൾപ്പെട്ടതും മുൻവർഷങ്ങളിൽ ഏറ്റെടുത്തതുമായ സ്പിൽ ഓവർ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ഭരണാനുമതി നൽകുകയും ആനുപാതിക തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തു. മേൽ പ്രവൃത്തികളെല്ലാംതന്നെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി വകുപ്പുതലത്തിൽ മോണിറ്ററിംഗ് നടത്തുകയും 31-12-2021- നകം പൂർത്തീകരിക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി എത്ര കോടി രൂപ അനുവദിച്ചു; എത്ര രൂപ ചെലവഴിച്ചു; എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്; ഒരു രൂപപോലും വിനിയോഗിക്കാത്ത എത്ര പദ്ധതികളുണ്ട്; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

1/3 കോർപ്പസ് ഫണ്ട് പ്രവൃത്തികളിലേക്ക് 20.00 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ജനസംഖ്യാനുപാതികമായി ഇക ജില്ലകൾക്ക് അനുവദിക്കുകയുംചെയ്തിട്ടുണ്ട്. 1/3 കോർപ്പസ് ഫണ്ട് സ്പിൽ ഓവർ പ്രവൃത്തികളിലേയ്ക്ക് 1843.0594 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആനുപാതിക ഇക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2/3 കോർപ്പസ് പദ്ധതിയിലുൾപ്പെട്ടതും മുൻവർഷങ്ങളിൽ ഏറ്റെടുത്തതുമായ സ്പിൽ ഓവർ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 996.70158 ലക്ഷം രൂപയുടെ ഭരണാനുമതിനൽകുകയും ആനുപാതിക ഇക ജില്ലകൾക്ക് അനുവദിക്കുകയുംചെയ്തു. കോർപ്പസ് ഫണ്ടിലുൾപ്പെട്ട പ്രവൃത്തികളുടെ ബിൽ ലഭിക്കുന്ന മുറയ്ക്കാണ് ഇക അനുവദിക്കുന്നത്. പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു രൂപപോലും വിനിയോഗിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) എസ്.സി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് സഹായമായി 2019-20, 2020-21 കാലയളവിൽ എത്ര രൂപ അനുവദിച്ചു; എത്ര രൂപ ചെലവഴിച്ചു?

എസ്.സി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് സഹായമായി 2019-20, 2020-21 കാലയളവിൽ അനുവദിച്ച ഇക അനുബന്ധമായി* ചേർക്കുന്നു.

കാട്ടാക്കട മണ്ഡലത്തിലെ പട്ടികജാതി കോളനികൾ

65(2101) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ ഏതൊക്കെയാണെന്നും ഓരോ കോളനിയിലെയും കുടുംബങ്ങളുടെ എണ്ണം എത്രയെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധം I* ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അനുവദിച്ച, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളെക്കുറിച്ചും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദമാക്കാമോ?

അനുബന്ധം II* ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.